**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5543** **13-08-2021 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | നെയ്യാറ്റിൻകര ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിലെ ഊട്ടുപുരയിലെ, ദേവസ്വം ബോർഡ് അനുവദിച്ച വിവാഹ ആവശ്യങ്ങൾക്കുള്ള പാചകത്തിന് ആവശ്യമായ പാത്രങ്ങൾ വിതരണം നടത്തുന്നതിലെ കാലതാമസത്തിന്റെ കാരണം എന്തെന്ന് വിശദമാക്കാമോ; | (എ) | നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ ഊട്ടുപുരയിലേക്ക് പാത്രങ്ങൾ സപ്ലൈ ചെയ്യുന്നതിന് 14/11/2018-ലെ ആർ.ഒ.സി.24727/18/എം-1 നമ്പരായി തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ ഉത്തരവായിരുന്നു എന്നാൽ 2018 -ൽ ഉണ്ടായ പ്രളയം മൂലവും മറ്റുമുണ്ടായ സാമ്പത്തിക പ്രതിസന്ധി കാരണമാണ് ടി പാത്രങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുവാൻ കഴിയാതിരുന്നതെന്നും എല്ലാ സബ് ഗ്രൂപ്പ് ഓഫീസുകളിലേക്കും ദേവസ്വങ്ങളിലേക്കും ആവശ്യമുള്ള സാധനങ്ങളുടെ ഏകീകൃത ലിസ്റ്റ് തയ്യാറാക്കി നൽകുവാൻ 09/03/2021-ലെ ആർ.ഒ.സി.5320/19/എച്ച്.സി.എ നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ പാത്രങ്ങൾ വിതരണം ചെയ്യുന്നതാണെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |
| (ബി) | നെയ്യാറ്റിൻകര ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിലേക്ക് ദേവസ്വം ബോർഡ് അനുവദിച്ച കതിർമണ്ഡപം സ്ഥാപിക്കുന്നതിന്റെ കാലതാമസത്തിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ; കതിർമണ്ഡപം നിർമ്മിക്കുന്നതിന് അനുമതി നൽകിയത് ഏത് വർഷമാണെന്ന് അറിയിക്കുമോ; വിശദമാക്കാമോ? | (ബി) | നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലേയ്ക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡ് അനുവദിച്ച രണ്ട് കതിർ മണ്ഡപങ്ങളിൽ ഒന്ന് 2019-ൽ തന്നെ പണി പൂർത്തിയായിട്ടുള്ളതാണ് എന്നാൽ തുടർന്നു വന്ന കോവിഡ് മഹാമാരിയും കതിർമണ്ഡപത്തിന്റെ ഫാബ്രിക്കേഷൻ വർക്ക് ചെയ്തിരുന്ന വർക്ക് ഷോപ്പിലുണ്ടായ ചില നിയമപ്രശ്നങ്ങളും കാരണം രണ്ടാമത്തെ മണ്ഡപത്തിന്റെ പണി പൂർത്തീകരിക്കുവാൻ കാലതാമസം ഉണ്ടായി. അടിയന്തിരമായി കതിർ മണ്ഡപം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ